**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3214** **07-10-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കളിസ്ഥലങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ കായിക വിനോദത്തിനുള്ള കളിസ്ഥലങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ സ്കൂൾ, കോളേജ്, സ്പോർട്സ് കൗൺസിൽ, മറ്റ് ഏജൻസികൾ എന്നിവരുടെ കൈവശമുള്ള എല്ലാ കളിസ്ഥലങ്ങളും പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കാൻ തുറന്നു കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | സ്കൂൾ, കോളേജ്, സ്പോർട്സ് കൗൺസിൽ, മറ്റ് ഏജൻസികൾ എന്നിവരുടെ കൈവശമുള്ള എല്ലാ കളിസ്ഥലങ്ങളും പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കാനാകുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |
| (ബി) | പുതുതലമുറയെ ഈ രംഗത്തേക്ക് ആകർഷിക്കുവാൻ കായിക വകുപ്പ് നടപ്പാക്കി വരുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | കായികമേഖലയുടെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് ഗ്രാമീണ കളിസ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായുള്ള ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി വഴി എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും സാധിക്കുന്നതാണ്. എല്ലാവർക്കും ആരോഗ്യം എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിമ്മുകൾ, രാജ്യത്തുടനീളമുള്ള കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഖേലോ ഇന്ത്യ പദ്ധതിയും ഇവയിൽ ഉൾപ്പെടുന്നു. യുവജനങ്ങളെ കായിക പ്രവർത്തങ്ങളിൽ ഏർപ്പെടുത്തുന്നതിന് വേണ്ടി 1400 ക്ലബുകൾക്ക് 10000/- രൂപ വീതം കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി ധനസഹായം നൽകുന്നതിനായി 2202-00-104-82 Sports Development Fund എന്ന ശീർഷകത്തിൽ 1,40,00,000/- രൂപയുടെ ഭരണാനുമതി 03/10/2025 തീയതിയിലെ സ.ഉ.(സാധാ)നം.245/2025/കാ.യു.വ പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലേക്കുള്ള സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി 2202-00-104-82 Sports |

| | | | |
|---|---|---|---|
| | | | Development Fund എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പുതുതലമുറയെ കായിക രംഗത്തേക്ക് ആകർഷിക്കുന്നതിനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. പുതുതലമുറയെ കായിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലും, കായിക വകുപ്പും ചേർന്ന് എല്ലാ വിഭാഗം ജനങ്ങളുടെയും കായിക ക്ഷമത ലക്ഷ്യമിട്ടുകൊണ്ട് കായിക ക്ഷമത മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>2. ഫുട്ബോൾ കായിക ഇനത്തിന്റെ ഉന്നമനത്തിനായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഗോൾ പദ്ധതി.<br><br>3. യുവ വനിതാ ഫുട്ബോൾ താരങ്ങളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി ആരംഭിച്ച പദ്ധതിയാണ് അണ്ടർ 14 വനിതാ ഫുട്ബോൾ അക്കാദമി.<br><br>4. വിവിധ കായിക ഇനങ്ങളുടെ വളർച്ചയ്ക്കായി Hoops, Sprint, Judoka, Punch, Splash എന്നീ പദ്ധതികൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>5. കോളേജ് ഗെയിംസ് -കോളേജ് തല കായിക താരങ്ങളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനായി തുടക്കമിട്ട പദ്ധതിയാണ് കോളേജ് ഗെയിംസ്. കൂടാതെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ/കോളേജ് തലത്തിലുള്ള അക്കാദമികൾ എന്നിവിടങ്ങളിലേക്ക് കായിക താരങ്ങളെ തിരഞ്ഞെടുത്ത്, മികച്ച കായിക താരങ്ങളെ സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പരിശീലനം നല്കി വരുന്നു. ഗ്രാസ് റൂട്ട് ലെവലിൽ കായിക താരങ്ങളെ വളർത്തി എടുക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന ഡേ ബോഡിംഗ് സ്കീം വിവിധ കായിക ഇനങ്ങളിൽ നടപ്പിലാക്കി വരുന്നു. ദേശീയ, അന്തർ ദേശീയ മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ